പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7225 | 03.11.2011 ൽ മറുപടിക്ക് |
|---|---|

## ഓണം, റംസാൻ കാലത്തെ വിമാന യാത്രാ നിരക്കുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. കെ.സി. ജോസഫ് (ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) |
| (എ) | പ്രവാസി മലയാളികളെ വിമാനക്കമ്പനികൾ വലയ്ക്കുന്നതും ചൂഷണം ചെയ്യുന്നതും സംബന്ധിച്ച പരാതികളെക്കുറിച്ച് സർക്കാർ പരിശോധന നടത്തിയിട്ടുണ്ടോ; | (എ) & (ബി) | പ്രവാസി മലയാളികളെ വിമാനക്കമ്പനികൾ വലയ്ക്കുന്നതും ചൂഷണം ചെയ്യുന്നതുമായി പരാതിപ്പെട്ടുകൊണ്ട് നിരവധി നിവേദനങ്ങൾ സർക്കാരിന് ലഭിക്കാറുണ്ട്. ഇവയിൽ പരിശോധന നടത്തുകയും പ്രാഥമിക അന്വേഷണത്തിനുശേഷം ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽകൊണ്ടുവരികയും ചെയ്യുന്നുണ്ട്. |
| (ബി) | എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | | |
| (സി) | ഗൾഫ് മലയാളികളെ കൊള്ളയടിക്കുന്നതിൽ പൊതുമേഖലാ സ്ഥാപനമായ എയർ ഇന്ത്യയാണ് മുന്നിൽ നിൽക്കുന്നത് എന്ന ആക്ഷേപം വിലയിരുത്തുമോ; | സി ഡി ഇ & എഫ് | ഏറ്റുവം കൂടുതൽ പ്രവാസി മലയാളികൾ യാത്രയ്ക്കായി ആശ്രയിക്കുന്നത് എയർ ഇൻഡ്യയെ ആണ് എന്നാണ് കണ്ടുവരുന്നത്. ചില അവസരങ്ങളിൽ മുൻകൂർ അറിയിപ്പ് ഇല്ലാതെയോ വ്യക്തമായ കാരണങ്ങൾ കാണിക്കാതേയോ ഫ്ളൈറ്റുകൾ കാൻസൽചെയ്യുന്നതായും പരാതികൾ ലഭിക്കാറുണ്ട്. ഇത്തരം കാര്യങ്ങൾ വളരെ പ്രസക്തമായ രീതിയിൽത്തന്നെ ഡയറക്ടർ ജനറൽ ഓഫ് |

| | | | |
|---|---|---|---|
| (ഡി) | ഓണം, റംസാൻ കാലത്ത് നാട്ടിലെത്തുന്ന മലയാളികൾക്ക് തിരിച്ചു പോകാൻ വിമാനക്കൂലി പലമടങ്ങ് നൽകേണ്ടി വരുന്നതും ജോലി നഷ്ട പ്പെടാതിരിക്കാൻ വേണ്ടി വിമാന കമ്പനികൾ ആവശ്യപ്പെടുന്ന തുക നൽകി മടങ്ങിപ്പോകേണ്ടി വരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | സിവിൽ ഏവിയേഷനുമായും എയർ ഇൻഡ്യ അധികൃതരുമായും ബന്ധപ്പെട്ട് സർക്കാരിന്റെ ആശങ്ക അറിയിക്കുകയും ചെയ്യുന്നുണ്ട്. ഇതൊരു ബിസിനസ്സ് സ്ഥാപനമായതുകൊണ്ടും വിപണിയിൽ പിടിച്ചുനിൽക്കുന്നതിനായി അവശ്യം ചില നടപടികൾ കൈക്കൊള്ളേണ്ടതുള്ളതിനാലുമാണ് ഈ സ്ഥിതിവിശേഷം ഉണ്ടാകുന്നതെന്ന് മനസ്സിലാക്കുന്നു. സാധാരണക്കാരായ പ്രവാസിമലയാളികളെ അവസരം മുതലെടുത്ത് ചൂഷണം ചെയ്യുന്നതിൽ ഈ സർക്കാരിന്റെ എതിർപ്പ് അറിയിച്ചിട്ടുള്ളതാണ്. |
| (ഇ) | സർക്കാരിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനം തന്നെ യാത്രക്കാരെ ചൂഷണം ചെയ്യുമ്പോൾ സ്വകാര്യ വിമാനകമ്പനികളും അവസരം മുതലെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (എഫ്) | ഓണത്തിനും റംസാനുമൊക്കെ നാട്ടിലേക്ക് അവധിക്ക് വരുന്നവരിലധികം സാധാരണക്കാരാണ് എന്ന കാര്യം പരിശോധിക്കുമോ; | | |
| (ജി) | റംസാൻ, ഓണക്കാലത്ത് കൂടുതൽ വിമാന സർവ്വീസുകൾ നടത്താനും ടിക്കറ്റ് നിരക്ക് വർദ്ധിപ്പിക്കാതിരിക്കാനും സംസ്ഥാനം കേന്ദ്രത്തിനുമേൽ സമ്മർദ്ദം ചെലുത്തുമോ? | (ജി) | ഉത്സവകാലങ്ങളിൽ കൂടുതൽ വിമാന സർവ്വീസുകൾ നടത്താനും അകാരണമായി യാത്രാക്കൂലി വർദ്ധിപ്പിക്കാതിരിക്കുന്നതിനുമായി കേന്ദ്രത്തിന് ഇതിനകം തന്നെ നിരവധി കത്തിടപാടുകൾ നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ